LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

293 (3013) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര വികസന വകുപ്പ് കഴിഞ്ഞ 5 വർഷം ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികളും അവർക്ക് നൽകിയ ആനുകൂല്യങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ക്ഷീര വികസന വകുപ്പ് കഴിഞ്ഞ 5 വർഷം ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികളുടെയും അവർക്ക് നൽകിയ ആനുകൂല്യങ്ങളുടെയും ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഓരോ ജില്ലയിലും എത്ര ഓഫീസുകൾ ഉണ്ടെന്നും പ്രസ്തുത ഓഫീസുകളിൽ ഡോക്ടർമാരുടേതടക്കം എത്ര തസ്തികകളുണ്ടെന്നും ഏതെങ്കിലും തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിൽ ഓരോ ജില്ലയിലുമുള്ള ഓഫീസുകളുടെ എണ്ണവും പ്രസ്തുത ഓഫീസുകളിൽ ഡോക്ടർമാരുടേതടക്കമുള്ള തസ്തികകളുടെ എണ്ണവും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരവും അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

പാൽ സംഭരണത്തിൽ മിൽമയുടെ നിയന്ത്രണം

294 (3014) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ സംഭരണത്തിൽ മിൽമ നിയന്ത്രണം ഏർപ്പെടുത്തിയത് ക്ഷീര കർഷകരെ ബുദ്ധിമുട്ടിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് സർക്കാർ സംവിധാനം ഒരുക്കേണ്ടതിന്റെ പ്രധാന്യം ഗൗരവമായി കാണുന്നുണ്ടോ?

(എ &ബി) ഉണ്ട്.

(സി) എങ്കിൽ ക്ഷീരമേഖലയെ കോവിഡ് കാലത്തും സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ക്ഷീരമേഖലയെ കോവിഡ് കാലത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാൽ സംഭരണത്തിൽ മിൽമ നിയന്ത്രണം ഏർപ്പെടുത്തിയ ഉടൻതന്നെ സർക്കാർ ഇടപെട്ട് പരിഹരിക്കുകയും പൂർണ്ണമായും പാൽ സംഭരിക്കുകയും ചെയ്തിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് ഒരു തടസ്സവും കൂടാതെ ക്രമീകരിക്കുന്നതിനായി പ്രാദേശികമായുള്ള കർഷകരേയും ക്ഷീരസംഘം പ്രതിനിധികളേയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപം നൽകുകയും പ്രസ്തുത കമ്മിറ്റി കർഷകർക്ക് നഷ്ടം കണക്കാക്കി ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്നവിധം നടപ്പിലാക്കിവരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കൂടാതെ മാർച്ച് 1 മുതൽ 20 വരെ ക്ഷീര സംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. (കുറഞ്ഞത് 250 രൂപ പരമാവധി 1,000 രൂപ).

വയനാട് ജില്ലയിലെ പാലുൽപ്പാദനം

295 (3015) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുവെന്നും ജില്ലയിൽ നിലവിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന ബ്ലോക്ക് ഏതാണെന്നുമുള്ള വിവരം അറിയിക്കാമോ?

വയനാട് ജില്ലയിലെ ശരാശരി പ്രതിദിന പാലുൽപ്പാദനം 2,73,394 ലിറ്ററാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന ബ്ലോക്ക് പനമരം ആണ്. ഇവിടത്തെ ശരാശരി പ്രതിദിന പാൽ ഉൽപ്പാദനം 90994 ലിറ്ററാണ്.

(ബി) വയനാട് ജില്ലയിൽ എത്ര ക്ഷീരകർഷകരുണ്ടെന്ന കണക്ക് ക്ഷീര വികസന വകുപ്പിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമാണ്. ജില്ലയിൽ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ എണ്ണം - 19539.

(സി) വയനാട് ജില്ലയിലെ ക്ഷീരമേഖലയെ പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീര കർഷകർക്കും ക്ഷീര സംഘങ്ങൾക്കുംവേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ദ്രുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. വയനാട് ക്ഷീരമേഖലയ്ക്ക് പ്രത്യേകമായി എല്ലാ വർഷവും 25 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പിലാക്കിവരുന്നു. അവശ്യാധിഷ്ഠിത ധനസഹായം, ബയോഗ്യാസ്